## വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ

പ്രേഷകൻ
രജിഷ.ആർ
സൂര്യ (പുത്തലത്ത്)
പി.ഒ.ഇരിങ്ങണ്ണൂർ
തൂണേരി
കോഴിക്കോട് 673505

10 रु. Rs.10 COURT FEE भारत INDIA KERALA दस रुपये TEN RUPEES

4522/17.

സ്വീകർത്താവ്

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യ നീതി ഓഫീസ്
കോഴിക്കോട്

സർ ,

വിഷയം :- പ്രസ്തുത വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക് SANCTIONED (സ്ഥിരം) തസ്തിക, ഒഴിവ്, നിയമനം എന്നിവ സംബന്ധിച്ച്:-

1) അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ സർക്കാർ അനുവദിച്ച ലോവർ ഡിവിഷൻ ക്ലർക് തസ്തികകളുടെ എണ്ണം എത്ര?

2) അങ്ങയുടെ വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന ലോവർ ഡിവിഷൻ ക്ലർക് ജീവനകാരുടെ എണ്ണം എത്ര ?

3) അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക് തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് ?
   a) ഓരോ ഒഴിവും നിലവിൽ വന്ന തീയ്യതി പ്രത്യേകം നൽകുക.
   b) ഓരോ ഒഴിവും ഏതു വിധത്തിലാണ് നിലവിൽ വന്നതെന്ന് തരം തിരിച്ചു നൽകുക.
   c) ഇതിൽ എത്ര ഒഴിവുകൾ മേൽ അധികാരിക്ക് / PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ?
   d) ഒഴിവുകളുടെ റിപ്പോർട്ട് ചെയ്ത തിയ്യതി ഫയൽ നമ്പർ സഹിതം നല്കുക.
   e) റിപ്പോർട്ട് ചെയ്ത ഒഴിവ് നിലവിൽ വന്ന തിയ്യതി പ്രത്യേകം നൽകുക.
   f) റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം എത്ര?
   g) റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ നിലവിൽ വന്ന തീയ്യതി പ്രത്യേകം നൽകുക.

4) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ലോവർ ഡിവിഷൻ ക്ലർക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സാധ്യതയില്ലാത്തതും സംവരണ വിഭാഗങ്ങൾക്കും മറ്റും മാറ്റി വെച്ചതുമായ ലോവർ ഡിവിഷൻ ക്ലർക് ഒഴിവുകൾ അങ്ങയുടെ വകുപ്പിലുണ്ടോ? ഉണ്ടെങ്കിൽ എത്ര എണ്ണം ?

5) 2016 ജൂൺ 1 മുതൽ ഇത് വരെ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ എത്ര ലോവർ ഡിവിഷൻ ക്ലർക് നിയമനങ്ങൾ നടന്നിട്ടുണ്ട്?

6) 2016 ജൂൺ 1 മുതൽ ഇത് വരെ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ അന്തർജില്ലാ സ്ഥലം മാറ്റം വഴി നടന്ന ലോവർ ഡിവിഷൻ ക്ലർക് നിയമനങ്ങൾ എത്ര?

7) 2016 ജൂൺ 1 മുതൽ ഇത് വരെ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം വഴി നടന്ന ലോവർ ഡിവിഷൻ ക്ലർക് നിയമനങ്ങൾ എത്ര?

8) 2016 ജൂൺ 1 മുതൽ ഇത് വരെ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക് തസ്തികയിൽ നടന്ന ആശ്രിത നിയമനങ്ങൾ എത്ര?

9) 2016 ജൂൺ 1 മുതൽ ഇത് വരെ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക് തസ്തികയിൽ നടന്ന അന്തർജില്ലാ നിയമനം, ആശ്രിത നിയമനം എന്നിവയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള അനുപാതം പാലിച്ചിട്ടുണ്ടോ?

10) അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക് തസ്തികകളിൽ 6 മാസത്തിൽ കൂടുതൽ അവധിയെടുത്തവരുണ്ടോ?

a) ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസുകളിൽ?
b) ആ ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

11) 2018 ജൂൺ 30 വരെ കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക് തസ്തികകളിൽ ഉണ്ടാകാനിടയുള്ള പ്രതീക്ഷിത ഒഴിവുകൾ എത്ര?

a) വരുന്ന ഒരോ മാസത്തേയും പ്രതീക്ഷിത ഒഴിവുകൾ തരം തിരിച്ച് നല്കുക?

12) 2016 ജനുവരി 1 മുതൽ Head Quarters തസ്തികയിൽ നിയമിക്കപ്പെട്ട എത്ര ജീവനക്കാർ സ്വന്തം ജില്ലയിലേക്ക് മാറാനുള്ള അവകാശം ഉപയോഗിച്ച് അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ നിയമിക്കപ്പെട്ടിട്ടുണ്ട് ?

a) ഉണ്ടെങ്കിൽ അവർ മുമ്പ് ജോലി ചെയ്തിരുന്ന വകുപ്പുകളുടെ വിശദവിവരം തരിക.

13) മറ്റെന്തെങ്കിലും കാരണത്താൽ PSC യ്ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത ഒഴിവുകൾ അങ്ങയുടെ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക് തസ്തികയിൽ ഉണ്ടോ ?

a) ഉണ്ടെങ്കിൽ എത്ര എണ്ണം ?
b) റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുക ?

14) ഒഴിവുകൾ 10 ദിവസത്തിനകം PSC യെ അറിയിക്കണമെന്ന സർക്കാർ നിർദ്ദേശം അങ്ങയുടെ വകുപ്പ് കൃത്യമായി പാലിക്കുന്നുണ്ടോ?

അങ്ങയുടെ വകുപ്പിലെ അപ്പീൽ അധികാരിയുടെ മേൽവിലാസം സഹിതം മേൽപ്പറഞ്ഞ ചോദ്യങ്ങൾക്ക് എത്രയും പെട്ടെന്ന് വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

Ranjishi

തീയ്യതി: 29/11/17

സ്ഥലം: കോഴിക്കോട്

രജിഷ.ആർ